പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 3218

16.12.2015 -ലെ
മറുപടിക്ക്

# കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. എം.ഹംസ<br>ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) | നടത്തിയിട്ടുണ്ട്. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള അവലോകനം നടത്തുകയും കാര്യക്ഷമമായ പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. |
| (ബി) | 2014-15, 2015-16 എന്നീ വർഷങ്ങളിൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതമായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ; വകയിരുത്തപ്പെട്ടതിന്റെ എത്ര ശതമാനം പ്രസ്തുത വർഷങ്ങളിൽ പിൻവലിക്കപ്പെട്ടു ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിന് അനുപാതികമായ സംസ്ഥാന വിഹിതം അതാത് പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ അനുസരിച്ച് ബജറ്റിൽ വകയിരുത്തുകയും ഓരോ പദ്ധതികളുടെയും വ്യവസ്ഥയനുസരിച്ച് കേന്ദ്രവിഹിതം ലഭിക്കുന്ന മുറയ്ക്കോ മുൻകൂറായോ (റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ) കേന്ദ്രവിഹിതത്തോടൊപ്പം സംസ്ഥാന വിഹിതവും അനുവദിക്കുകയാണ് ചെയ്യുന്നത് |
| (സി) | ഉത്പാദന-ക്ഷേമ മേഖലയ്ക്ക് വൻകുതിപ്പേകുമായിരുന്ന ഇത്തരം പദ്ധതികൾക്ക് സംസ്ഥാന വിഹിതം അനുവദിക്കാത്തതു മൂലം പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് നടപടികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ ? | (ഡി) | ബാധകമല്ല |

Bijumon
സെക്ഷൻ ഓഫീസർ